**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **null**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സഹായം എന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന് പരിഹാരം കാണുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി കാർഷികോൽപ്പാദനം, സംഭരണം, വിപണനം എന്നീ മൂന്ന് ഘടകങ്ങളെയും ഏകോപിപ്പിച്ച് കൊണ്ട് കർഷകരെ സഹായിക്കുന്നതിനായി സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധന എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ Co-operative Initiative in Technology-driven Agriculture എന്ന പുതിയ പദ്ധതി 2022-23 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഏഴ് ഉപഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ള ടി പദ്ധതിയിൽ ആകെ 2250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനിക സൗകര്യ ങ്ങളോടുകൂടിയ സംഭരണം,ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ, ശീതീകരണിയിൽ സൂക്ഷിക്കൽ, e-NAMമായി ബന്ധിപ്പിക്കൽ, കർഷക ഉൽപ്പാദന സംഘങ്ങളെ പ്രോൽസാഹിപ്പിക്കൽ, മൂല്യവർദ്ധന തുടങ്ങിയ സൗകര്യങ്ങളുള്ള വിപണി ഒരു പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിൽ സ്ഥാപിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന് പരിഹാരം കാണുന്നതിനായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കർഷകരെ | (ബി) | സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകരെ |

| | | | |
|---|---|---|---|
| | സഹായിക്കുന്നതിനുള്ള പുതിയ പദ്ധതികൾ സഹകരണ മേഖലയിൽ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | സഹായിക്കുന്നതിനായി, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സഹായം എന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന് പരിഹാരം കാണുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി കാർഷികോൽപ്പാദനം, സംഭരണം, വിപണനം എന്നീ മൂന്ന് ഘടകങ്ങളെയും ഏകോപിപ്പിച്ച കൊണ്ട് കർഷകരെ സഹായിക്കുന്നതിനായി സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധന എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ Co-operative Initiative in Technology-driven Agriculture എന്ന പുതിയ പദ്ധതി 2022-23 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഏഴ് ഉപഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ള ടി പദ്ധതിയിൽ ആകെ 2250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനിക സൗകര്യ ങ്ങളോടുകൂടിയ സംഭരണം,ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ, ശീതീകരണിയിൽ സൂക്ഷിക്കൽ, e-NAMമായി ബന്ധിപ്പിക്കൽ, കർഷക ഉൽപ്പാദന സംഘങ്ങളെ പ്രോൽസാഹിപ്പിക്കൽ, മൂല്യവർദ്ധന തുടങ്ങിയ സൗകര്യങ്ങളുള്ള വിപണി ഒരു പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിൽ സ്ഥാപിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ